കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പിറവം ഗ്രാമപഞ്ചായത്തിന് സംഭാവനയായി ലഭിക്കുന്ന ആംബുലൻസ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കൈമാറുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1159/14/തസ്വഭവ തിരുവനന്തപുരം, തീയതി :14/05/2014.

പരാമർശം: 1) പിറവം ഗ്രാമപഞ്ചായത്ത് പ്രസിഡൻറിന്റെ 11.02.2014 ലെ എ 2- 1820/14 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 25.03.2014 - ലെ ജി1- 11403/14 നമ്പർ കത്ത്.
3) 23.04.2014 ലെ 3.24 -ാം നമ്പർ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

<u>ഉത്തരവ്</u>

പിറവം ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ സർവ്വീസിന്റെ ആവശ്യത്തിലേക്കായി ഒരു മാരുതി ഓംനി ആംബുലൻസ് സംഭാവനയായി നൽകുവാൻ പിറവം സെൻറ് മേരീസ് ചാരിറ്റി ഫണ്ട് മാനേജിംഗ് ട്രസ്റ്റി പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയതിനാൽ ആംബുലൻസിന്റെ രജിസ്ട്രേഷൻ, ഇൻഷ്വറൻസ്, ഇന്ധനം, മെയിൻറനൻസ്, ഡ്രൈവറുടെ വേതനം തുടങ്ങിയവയ്ക്ക് പഞ്ചായത്ത് ഫണ്ട് ചെലവ് ചെയ്യുന്നതിനും പാലിയേറ്റീവ് കെയർ സർവ്വീസ് അല്ലാതെയുള്ള സേവനങ്ങൾക്ക് ആംബുലൻസ് സർവ്വീസ് നൽകുമ്പോൾ പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് ഈടാക്കുന്നതിനും, ആംബുലൻസ് ഏറ്റെടുക്കുന്നതിനും പിറവം ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം പിറവം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിറവം ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ ആവശ്യത്തിനായി സംഭാവനയായി ലഭിക്കുന്ന ആംബുലൻസിന്റെ ആവർത്തന ചെലവുകൾ, ആശുപത്രി മാനേജ്മെൻറ് കമ്മിറ്റി വഹിക്കണമെന്ന വ്യവസ്ഥയിൽ ആംബുലൻസ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

(സി. വത്സല)
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (**LBA&A**), തിരുവനന്തപുരം.
സെക്രട്ടറി, പിറവം ഗ്രാമപഞ്ചായത്ത്, എറണാകുളം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം,
ഡയറക്ടർ., ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റി, പ്രാഥമികാരോഗ്യകേന്ദ്രം, പിറവം, എറണാകുളം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.
തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ